"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2026 സീസണിലെ നാടൻ തോട്ടണ്ടി സംഭരണം - തോട്ടണ്ടിയുടെ അടിസ്ഥാന വില (Farm Gate Price) കിലോഗ്രാമിന് ₹150/- രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.239/2026/ID തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ 19/02/2026 തീയതിയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

2026 വർഷത്തിൽ സംസ്ഥാനത്തെ നാടൻ തോട്ടണ്ടി വിളവെടുപ്പ് സീസണിൽ കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും (Capex) സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിനായുള്ള വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം 19/02/2026 തീയതിയിൽ online ആയി ചേർന്നിരുന്നു. തുടർന്ന് പ്രസ്തുത യോഗം നാടൻ തോട്ടണ്ടിയുടെ അടിസ്ഥാന വില (Farm Gate Price) കിലോഗ്രാമിന് 150/- രൂപ ആയി നിശ്ചയിച്ച് തീരുമാനമെടുത്തു.

2) തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ മേൽ യോഗതീരുമാന പ്രകാരം, 2026 വർഷത്തെ കശുവണ്ടി സീസണിൽ കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് ഇതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും (Capex) സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ അടിസ്ഥാന വില (Farm Gate Price) ഇന്നേ ദിവസം മുതൽ കിലോഗ്രാമിന് ₹150/- രൂപയായി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമ വി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
സ്പെഷ്യൽ ഓഫീസർ & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി,

കൊല്ലം.
ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ.
ഡയറക്ടർ, ജയിൽ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
കൃഷി/ആഭ്യന്തര/പട്ടികജാതി-പട്ടികവർഗ്ഗവികസന/ആസൂത്രണ സാമ്പത്തിക കാര്യ/ധനകാര്യ വകുപ്പുകൾ.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/8/2026/വ്യവ.).

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 06-03-2026 14:13:20

സെക്ഷൻ ഓഫീസർ

**പകർപ്പ്:-** വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്